**അടിയന്തരപ്രമേയം**

പകർച്ചവ്യാധികൾ

മി. സ്പീക്കർ: ചിക്കുൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി, ഡിഫ്ത്തീരിയ, മലേറിയ, കോളറ തുടങ്ങി പലതരം പനികളും പകർച്ചവ്യാധികളും സംസ്ഥാനത്താകെ ഭീതിജനകമായി പടർന്ന് പിടിച്ചുകൊണ്ടിരിക്കുകയും സർക്കാർ ആശുപത്രികളിൽ മതിയായ ചികിൽസ ലഭിക്കാതെ ആളുകൾ മരണപ്പെട്ടുകൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, എം. ചന്ദ്രൻ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പകർച്ചപ്പനി നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റ് എല്ലാവിധമായിട്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 2013 ഒക്ടോബർ മാസം തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. വളരെ എഫക്ടീവായി ജനുവരി മാസം മുതൽ ഓരോ ഡേറ്റുകൾ ഫിക്സ് ചെയ്തുകൊണ്ടുതന്നെ അതിന്റേതായ പ്രവർത്തനങ്ങൾ നടന്നുവരിയാണ്. ഇപ്രാവശ്യം ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ പ്രത്യേകമായി ഏറ്റെടുത്താണ് നടപ്പിലാക്കുന്നത്. കഴിഞ്ഞപ്രാവശ്യം ഏതെല്ലാം ജില്ലകളിൽ

ഏതെല്ലാം തരത്തിലുള്ള പനിയാണ് വന്നിട്ടുള്ളത് അതനുസരിച്ച് അത് പ്രതിരോധിക്കുന്നതിനുവേണ്ടിയുള്ള കർമ്മപദ്ധതികളാണ് വിവിധ ഡിപ്പാർട്ടു മെന്റുകൾ സംയോജിപ്പിച്ചുകൊണ്ട് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഗവൺമെന്റ് ഉദ്ദേശിച്ച കാര്യങ്ങൾ പനിബാധിതരുടെ എണ്ണം കുറയ്ക്കുക, അവർക്കാവശ്യമായിട്ടുള്ള ചികിൽസ ലഭ്യമാക്കുക എന്നിവയാണ്. അത്തര ത്തിലുള്ള നടപടികളാണ് ഈ വർഷം സ്വീകരിച്ചിട്ടുള്ളത്. ഈ വർഷം മാരകമായിട്ടുള്ള പനിയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ചികിൽസാ സൗകര്യങ്ങളും എല്ലാ ആശുപത്രികളിലും പരമാവധി സജ്ജമാക്കിയിട്ടുണ്ട്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ആരോഗ്യവകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് പനിപിടിച്ചുവിറയ്ക്കുന്ന കേരളത്തിന്റെ ഈ പ്രശ്നത്തെ സമീപിച്ചിട്ടുള്ളത്. തുടർച്ചയായി കേരളത്തിലെ മാധ്യമങ്ങളിൽ പനിച്ചു വിറച്ചു കിടക്കുന്ന കേരളത്തിന്റെ കഥ പുറത്തുവിട്ടുകൊണ്ടിരിക്കുക യാണ്. ഇവിടെത്തന്നെ മിക്കവാറും അംഗങ്ങൾ, ഭരണകക്ഷിയിലും പ്രതിപക്ഷ ത്തുമുള്ളവർ അവരവരുടെ മണ്ഡലത്തിലെ ഹോസ്പിറ്റലിന്റെ പരിമിതമായ കാര്യങ്ങളെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും ധാരാളം സബ്മിഷ നുകൾ ഉന്നയിച്ചിട്ടുണ്ട്. ഇന്നലത്തെ മനോരമ പത്രത്തിലെ എഡിറ്റോറിയൽ 'പനികിടക്കയിലേക്ക് കേരളം' എന്നാണ്. ഇത് മന്ത്രി വായിച്ചില്ലേ എന്നെനിക്കറിയില്ല. തിരുവനന്തപുരം നഗരത്തെക്കുറിച്ച് പറയുന്നത് 'ദൈവമേ ഇത് പനിയുടെ ലോകതലസ്ഥാനമോ' എന്നാണ്. അദ്ദേഹത്തിന്റെ തന്നെ ജില്ലയെക്കുറിച്ചാണ് മനോരമയിൽ പറഞ്ഞത്. ആശുപത്രികളിൽ

ആവശ്യമായ മരുന്നുകൾ കിട്ടാനില്ല, രോഗപ്രതിരോധത്തിൽ ജാഗ്രത വേണമെന്നാണ് മാതൃഭൂമി എഡിറ്റോറിയൽ പറയുന്നത്. മംഗളം പത്രത്തിൽ വന്നത്, 'ചൂടിനേയും മഴയേയും ഭയന്ന് ആരോഗ്യവകുപ്പ്, കേരളം പകർച്ചവ്യാധി ഭീഷണിയിൽ, സാംക്രമികരോഗ സെൽ പൂട്ടി, പനിക്കു മുമ്പിൽ പകച്ച് കേരളം' എന്നാണ്. മാധ്യമം പത്രം പറയുന്നത്, 'സംസ്ഥാനത്ത് പനിയും പനിമരണങ്ങളും കൂടുന്നു, ഈ വർഷം പനിബാധിച്ചവരുടെ എണ്ണം 10.78 ലക്ഷം കടന്നു' എന്നാണ്. ഇത് ഗവൺമെന്റ് ആശുപത്രികളിലെ മാത്രം കണക്കാണ്. കേരള കൗമുദി പറയുന്നത്, പനി, മരുന്നുകളിൽ പലതും കിട്ടാനില്ല, വെയർഹൗസുകളിൽ കെട്ടിക്കിടന്ന് 60 കോടിരൂപയുടെ മരുന്നുകൾ നശിച്ചു എന്നാണ്. ദേശാഭിമാനിയും ജനയുഗവും പറയുന്നതല്ല, കേരളത്തിലെ എല്ലാ ദൃശ്യമാധ്യമങ്ങളും മറ്റുമാധ്യമങ്ങളും പറയുന്നതാണ്. കേരളത്തിൽ മഴയോടുകൂടി പനി വന്നെത്തി, മഴ മാറി, പനി കൂടി എന്ന് കേരളം മുഴുവൻ പറയുകയാണ്. ഓരോ കാലവർഷം വരുമ്പോഴും കേരളത്തിൽ കഴിഞ്ഞവർഷവും ഈ വർഷവും എത്രത്തോളം പനി കൂടി എന്ന് ഈ വാർത്തകളെല്ലാം കാണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്....... തിരുവനന്തപുരം ജില്ലയുടെ കാര്യം മാത്രം എടുത്താൽ ഇന്നത്തെ മാതൃഭൂമി പത്രത്തിൽ തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞവർഷം ആകെ പനി ചികിൽസ തേടി എത്തിയവർ 3,34,000 ആണ്. ഈ വർഷം ഇതുവരെ എത്തിയത് 2,78,000 പേരാണ്. ഇനി എത്ര മാസം ബാക്കിയുണ്ട്; കഴിഞ്ഞവർഷത്തെക്കാൾ കൂടുതലാണ്. ഇത് ഗവൺമെന്റ് ഹോസ്പിറ്റലിലെ കണക്കാണെങ്കിൽ മാധ്യമങ്ങൾ തന്നെ പറയുന്നത് പ്രൈവറ്റ് ഹോസ്പിറ്റലുക

ളിലും ബാക്കി എല്ലായിടങ്ങളിലും ചെന്നുചേരുമ്പോൾ കണക്ക് ഇതിന്റെ ഇരട്ടി വരുമെന്നാണ്. ഇങ്ങനെയാണ് ഇതിനെ സമീപിക്കുന്നതെങ്കിൽ.......... ഇങ്ങനെ ജനങ്ങൾ പനി കിടക്കകളിൽ കിടക്കുമ്പോഴാണ് ഇന്നലെ ഗവൺമെന്റിന്റെ ഒരു പരസ്യം വന്നത്. മുഖ്യമന്ത്രയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും പടം വച്ച് ഒരു പരസ്യം വന്നു. ആ പരസ്യത്തിൽ പറയുന്നത്, കേരളം മുഴുവൻ ഭീതിയോടെ നിൽക്കുമ്പോൾ ഇവർ മാത്രം പറയുന്നു 'ഭീതിവേണ്ടാ' എന്നാണ്. 'ഭീതിവേണ്ടാ തരികതെനിക്ക് നീ' എന്ന് ചണ്ഡാലഭിക്ഷുകിയിൽ പറയുന്നതുപോലെ പറയാൻ ഇവർ കുമാരനാശാനാണോ; ഇവർ എന്തുകൊണ്ടാണ് ഭീതിവേണ്ടാ എന്ന കേരളത്തോട് പറയുന്നത്. ചൂട് മാത്രമേ കഴിക്കാവൂ, ഉപ്പ് ചേർത്ത വെള്ളം കുടിക്കണം, ഇളനീര് കുടിക്കണം എന്നാണ് പറയുന്നത്. കശുവണ്ടിത്തൊഴിലാളി പനിപിടിച്ച കുട്ടിയുമായി ഹോസ്പിറ്റലിൽ പോയാൽ, ആ തൊഴിലാളിക്ക് കുട്ടി വീട്ടിൽ പനിപിടിച്ചു കിടക്കുമ്പോൾ പണിക്ക് പോകാൻ ഒക്കുകയില്ല. അവർക്ക് അരി മേടിച്ച് കഞ്ഞികുടിക്കാൻ നിവൃത്തിയില്ല. കഞ്ഞികുടിക്കാൻ നിവൃത്തിയില്ലാത്തവരോടാണ് ബിരിയാണി കഴിക്കണമെന്ന് പറയുന്നത്. എന്തുമാത്രം തമാശയാണിത്. ഐ.എ.എസ്.കാരുടെ തർക്കം തീർക്കാൻ മന്ത്രിസഭായോഗം കൂടുന്നുണ്ട്. കേരളത്തിൽ 10 ലക്ഷത്തിലധികം പനി പിടിച്ച പാവപ്പെട്ടവർ പല ഹോസ്പിറ്റലുകളിൽ ചെന്നാലും ക്യൂ നിൽക്കുന്നതല്ലാതെ, ക്യൂവിൽ അവസാനം നിൽക്കുന്ന ആളിനെ കാണാൻ പോലും പറ്റില്ല. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം ആരോഗ്യവകുപ്പ് പനിപിടിച്ച് ഇന്റൻസീവ് കെയർ യൂണിറ്റിൽ കിടക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ വിപത്ത് ആരോഗ്യവകുപ്പാണ്. 'ആട്ടുകല്ലിന് കാറ്റുപിടിച്ച പോലെ' ആരോഗ്യവകുപ്പു

മന്ത്രിയുൾപ്പെടെ ഇരിക്കുകയാണ്. മന്ത്രിമാർ ഉൾപ്പെടെ ആശുപത്രിയിലാണ്. നിയമസഭയിൽ ഒരുപാട് പേർക്ക് പനിപിടിച്ചിരിക്കുന്നു. കേരളം മുഴുവൻ പനിച്ച് വിറയ്ക്കുന്നു. കേരളത്തിൽ 25 ലക്ഷത്തോളം പേർക്കെങ്കിലും പനി പിടിച്ചുവെന്നാണ് പൊതുകണക്ക്. 63 പേർ മരിച്ചുവെന്നാണ് ഗവൺമെന്റ് പുറത്തുവിട്ട കണക്ക്. മൊത്തം മരണം എടുത്താൽ അതിൽക്കൂടുതലാണ്. ഞാൻ ഇന്ന് രാവിലെ വരുമ്പോൾ എന്റെ മണ്ഡലത്തിലെ തേവന്നൂർ ശാലിനി എന്നുപറയുന്ന ഒരു യുവതി ചെള്ള് പനിപിടിച്ച് ഇന്നലെ വൈകുന്നേരം മെഡിക്കൽ കോളേജിൽ മരിച്ചു എന്നറിഞ്ഞു. തിരുവനന്തപുരത്തെ അവസ്ഥ എത്ര ദാരുണമാണ്. തിരുവനന്തപുരത്ത് ശ്രീമതി ജമീലാ പ്രകാശത്തിന്റെ മണ്ഡലമായ വിഴിഞ്ഞത്ത് ടെനി എന്നുപറയുന്ന ഒരു കുട്ടി മരിച്ചു. മൂന്നു വർഷം മുമ്പ് ഡിഫ്ത്തീരിയ ബാധിച്ച് അവിടെ ഒരു മരണം നടന്നപ്പോൾ പ്രതിരോധപ്രവർത്തനങ്ങൾ ഭാഗികമായേ നടന്നിട്ടുള്ളുവെന്നാണ് ഇന്നത്തെ ഹിന്ദു ദിനപത്രത്തിൽ പറയുന്നത്. ആ പ്രതിരോധപ്രവർത്തനങ്ങൾ പൂർണ്ണ മായി നടന്നിരുന്നുവെങ്കിൽ ഈ കുട്ടി മരിക്കുകയില്ലായിരുന്നു. ഈ കുട്ടി മരിച്ചതിന്റെ ഉത്തരവാദിത്തം കേരളത്തിലെ ആരോഗ്യവകുപ്പിനാണ്, ആരോഗ്യവകുപ്പ് മന്ത്രിക്കാണ്. അവർ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. പേരൂർക്കടയിൽ പ്ലസ് വൺ–ന് പഠിക്കുന്ന ഭരത് എന്നുപറയുന്ന കുട്ടി മരി ച്ചു. എത്രപേരാണ് മരിക്കുന്നത്; സത്യത്തിൽ ചോദിക്കാനും പറയാനും ആരുമില്ലാത്ത സ്ഥിതിയിലാണ് ആരോഗ്യവകുപ്പ്. ആരോഗ്യവകുപ്പിനെ ആര് ചികിൽസിക്കും എന്നത് വലിയൊരു പ്രശ്നമാണ്. അതിനെ ചികിൽസിച്ച് ഭേദപ്പെടുത്തിക്കൊണ്ടുവേണം മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരും മുന്നോട്ടു പോകേണ്ടത്. മുഖ്യമന്ത്രിക്കും ഇതിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ ഒക്കുക

യില്ല. കേരളത്തിലെ പൊതുവായ സ്ഥിതി, പനിയുടെ കണക്ക് മാത്രമല്ല, ഞാൻ തന്നെ ഡോക്ടർമാരെക്കുറിച്ച് ചോദിച്ച ഒരു ചോദ്യമുണ്ട്. അദ്ദേഹം പറയുന്നത് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ തന്നെ ഈ അസാധാരണമായ സാഹചര്യം നേരിടുന്നതിനുള്ള സന്നാഹം യുദ്ധകാലാടിസ്ഥാനത്തിൽ ഒരുക്കി എന്നാണ്. അസാധാരണമായ സാഹചര്യം നേരിടുമ്പോൾ അലോപ്പതി വകുപ്പിൽ ആകെ ഉണ്ടാകേണ്ട ഡോക്ടർമാർ 5836 ആണ്. അതിലെ ഉത്തരമനുസരിച്ച് 904 പോസ്റ്റുകൾ ഒഴിഞ്ഞ് കിടക്കുകയാണ്. 904 പോസ്റ്റുകളെ ഒഴിച്ചിട്ടുകൊണ്ട് കേരളത്തിലെ ഹോസ്പിറ്റലുകളിൽ എങ്ങനെ യാണ് സുസജ്ജമായ ഒരു സംവിധാനം ഉണ്ടാകുന്നത്? പനിപിടിക്കുമ്പോൾ ആദ്യം വേണ്ടത് ഡോക്ടർമാരുടെ കൃത്യമായ സേവനമാണ്. മറ്റുമെഡിക്കൽ സ്റ്റാഫിന്റെ സേവനമാണ്. മരുന്നിന്റെ ലഭ്യതയാണ്. ഇക്കാര്യത്തിൽ എല്ലാം എന്താണ് ചെയ്യുന്നത്; ഈ 904 ഒഴിവുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ ഏതെങ്കിലും ഭരണകക്ഷി അംഗത്തിന് അവരുടെ ആരുടെയെങ്കിലും സ്ഥലത്ത് തൃപ്തമായ തരത്തിൽ ഡോക്ടർമാർ ഉണ്ടെന്ന് പറഞ്ഞാൽ ബാക്കിയിടങ്ങളിൽ അതിന്റെ കുറവുണ്ടെന്നാണ് പറയുന്നതിനർത്ഥം. മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട് വിശക്കുന്നവന്റെ മുമ്പിൽ ദൈവം ഭക്ഷണമാ യിട്ടാണ് അവതരിക്കുന്നത്. രോഗിയുടെ മുമ്പിൽ ദൈവം ഡോക്ടറും മരുന്നു മാണ്. രോഗിയുടെ മുമ്പിൽ ദൈവം ഡോക്ടറും മരുന്നുമാണെങ്കിൽ കേരള ത്തിൽ ഇല്ലാത്ത രണ്ടുകാര്യങ്ങൾ അതാണ്. ഡോക്ടറും മെഡിക്കൽ സ്റ്റാഫും മരുന്നുമില്ല. ഡോക്ടറും മരുന്നുമില്ലാതെ ഹോസ്പിറ്റൽ എന്ന് എഴുതിവച്ചാൽ എങ്ങനെ അത് ഹോസ്പിറ്റലാകും; കേരളത്തിലെ പല ഹോസ്പിറ്റലുകളി ലും..... കടയ്ക്കൽ, കൊട്ടാക്കര എന്നീ ഹോസ്പിറ്റലുകൾ...... ഇന്നലെ

നെടുങ്ങോലം ഹോസ്പിറ്റലിനെക്കുറിച്ച് ചാത്തന്നൂർ എം.എൽ.എ. പറഞ്ഞു. നാദാപുരത്ത് ഒരു ഹോസ്പിറ്റൽ മിക്കവാറും പൂട്ടുന്ന അവസ്ഥയിൽ എന്നാണ് നാദാപുരം എം.എൽ.എ. പറയുന്നത്. കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ........... തിരുവനന്തപുരത്ത് മാത്രം ഇതുവരെ പനിപിടിച്ചവരുടെ എണ്ണം ഇതുവരെ മൂന്നുലക്ഷത്തിനടുത്തെത്തി. കേരളത്തിലാകെ പനിബാധിച്ചവർ പതിനൊന്ന് ലക്ഷത്തോളമായി. കേരള ത്തിൽ നിന്നും പുറത്താക്കപ്പെട്ട കോളറ, ഡിഫ്ത്തീരിയ, മലേറിയ തുടങ്ങിയ രോഗങ്ങൾ തിരിച്ചുവരികയാണ്. തിരിച്ചുവരുന്ന രോഗങ്ങളെ കൈപിടിച്ച് അകത്ത് കയറ്റുന്ന ജോലിയാണ് ആരോഗ്യവകുപ്പ് ചെയ്തു കൊണ്ടിരിക്കുന്നത്.

ഇതെങ്ങനെ കേരളത്തിൽ പരിഹരിക്കാനൊക്കുമെന്ന് ചിന്തിക്കണ്ടേ; ഇതിനുവേണ്ടി ഏതെങ്കിലും വലിയ സംവിധാനം........... മണ്ഡലാടിസ്ഥാന ത്തിൽ യോഗം നടത്തിയിട്ടുണ്ട്. ഞാൻ എന്റെ മണ്ഡലത്തിലും യോഗം നട ത്തി. ബന്ധപ്പെട്ട ഒരു ഡി.എം.ഒ.യും ഡോക്ടർമാരും പഞ്ചായത്ത് പ്രസി ഡന്റ്മാരും ഉണ്ടായിരുന്നു. പക്ഷെ അവരെല്ലാം ഉന്നയിച്ച ഒരു ആവശ്യം, കട യ്ക്കൽ ഹോസ്പിറ്റലിൽ മരുന്നും ഡോക്ടർമാരും വേണമെന്നായിരുന്നു. ബന്ധപ്പെട്ട ഹോസ്പിറ്റലുകളിലെല്ലാം മരുന്ന് വേണമെന്നായിരുന്നു. തീരു മാനം എടുക്കുന്നതല്ലാതെ ഒന്നും നടപ്പാകുന്നില്ല. ചേർത്തല ഹോസ്പിറ്റ ലിന്റെ കാര്യം ശ്രീ. പി. തിലോത്തമൻ ഒരു സബ്മിഷനായി കൊണ്ടുവന്നിട്ടു ണ്ട്. ഏത് ഹോസ്പിറ്റലിലാണ് തൃപ്തമായ ഒരു സംവിധാനമുള്ളത്. നെടുമ ങ്ങാടും പാറശ്ശാലയും അടൂരും എങ്ങുമില്ല. എല്ലാ ഹോസ്പിറ്റലിന്റെ കാര്യവും പത്രത്തിൽ വരുകയാണ്. ഇത് കേരളത്തിൽ മൊത്തമുള്ള സ്ഥിതി യാണ്. ഹോസ്പിറ്റലിൽ ഡോക്ടർമാരില്ലെങ്കിൽ ഈ അസാധാരണമായ പനി

പിടിച്ചുവരുന്ന സാഹചര്യത്തെ എങ്ങനെ നേരിടാനൊക്കും? മദർ തെരേസ പറഞ്ഞിട്ടുണ്ട്, 'പ്രവർത്തിക്കുന്ന കൈകളിലാണ് വിശ്വാസം; മിണ്ടുന്ന ചുണ്ടിലല്ല' എന്ന്. ഇവർ പരസ്യം കൊടുത്ത് ജീവിക്കുകയാണ്. വാഗ്ദാനപ്പെരുമഴയും പ്രവർത്തനമില്ലായ്മയുമാണ് ഇവിടെ നടക്കുന്നത്. ഈ ഗവൺമെന്റിന്റെ വാഗ്ദാനം കാലവർഷത്തെക്കാൾ കടുപ്പമാണ്. മഴ കുറവുണ്ടെങ്കിലും ഇവരുടെ വാഗ്ദാനത്തിന് ഒരു കുറവുമില്ല. സത്യത്തിൽ പ്രവർത്തനത്തിൽ എന്തെങ്കിലും ഉണ്ടോ; അപ്പുറത്തിരിക്കുന്നവർക്കോ ഇപ്പുറത്തിരിക്കുന്നവർക്കോ ആർക്കെങ്കിലും അവരുടെ ഹോസ്പിറ്റലുമായി ബന്ധപ്പെട്ട്, രോഗികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഫീൽ ചെയ്യുന്നുണ്ടോ? ഒന്നും ഫീൽ ചെയ്യുന്നില്ല. സത്യത്തിൽ ഇവർ തന്ന ഈ കണക്കുകൾ........ തൃശ്ശൂരിൽ ഇതുമായി ബന്ധപ്പെട്ട് ഒരു സബ്മിഷന് കൊടുത്ത ഉത്തരത്തിൽ പറയുന്നത് യാതൊന്നും നടക്കുന്നില്ലെന്നാണ്. എല്ലാം വാഗ്ദാനമാണ്. വാഗ്ദാനത്തിൽ, പരസ്യങ്ങളിൽ മാത്രം............. 80% കൺഫ്യൂഷനും 20% കമ്മീഷനുമാണെന്നാണ് പരസ്യത്തെക്കുറിച്ച് ശാസ്ത്രീയമായി പറയുന്നത്. അത് ഇവരെ സംബന്ധിച്ച് പൂർണ്ണമായും ശരിയാണ്. ഇവരുടെ പരസ്യത്തിലൂടെ ഇവരുണ്ടാക്കുന്നത് 80% കൺഫ്യൂഷനും 20% കമ്മീഷനുമെന്നുള്ളത് ആർക്കാണെന്നെനിക്കറിയില്ല. അത് ലോകത്ത് ശാസ്ത്രീയമായി പറഞ്ഞതാണ്. ഇങ്ങനെ പറഞ്ഞും ചെയ്തും നീങ്ങുന്ന ഒരു ഗവൺമെന്റ് ഈ പ്രശ്നം അടിയന്തരമായി എല്ലാ നടപടികളും തിരിച്ച് ചർച്ച ചെയ്യേണ്ടതാണ്. കേരളത്തിലെ ഗ്രാമീണ മേഖലകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, താഴെയുള്ള സംവിധാനം, പ്രതിരോധം...... പ്രതിരോധമാണ് ചികിത്സിച്ച് സുഖപ്പെടുത്തുന്നതിനേക്കാൾ ഉത്തമമെന്ന് എല്ലാ ആരോഗ്യവകുപ്പ് നടപടികളിലും അതിന്റെ ഉത്തരവാദിത്വപ്പെട്ടവരും പറഞ്ഞിട്ടുള്ളതാണ്. എന്ത് പ്രതിരോധമാണ് കേരളത്തിലെ

ടുത്തത്; എത്ര എഫക്ടീവായിട്ടാണ് അത് നടത്തിയത്? മരുന്ന് സംവിധാനം ഇല്ലായെന്ന് മാത്രമല്ല, കൊതുക് നശീകരണം വേണമെന്നും ചിരട്ട കമിഴ്ത്തി വെയ്ക്കണമെന്നും പാത്രങ്ങൾ തുറന്ന് വെയ്ക്കാൻ പാടില്ലായെന്നും പറയുന്നതാണോ ഒരു ഗവൺമെന്റിന്റെ പ്രതിരോധ പ്രവർത്തനം. പരസ്യങ്ങളിലൂടെ ഉപദേശം കൊടുക്കുന്നതാണോ പ്രവർത്തനം. ചുണ്ടിലല്ല പ്രവർത്തനങ്ങൾ വേണ്ടത്. താഴെത്തട്ടിലെ പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പോസ്റ്റുകൾ പോലും കൃത്യമായി കേരളത്തിൽ നികത്താത്ത ഒരുകാലത്ത് ഒക്ടോബർ മുതൽ എന്താണ് തുടങ്ങിയത്?

മി. സ്പീക്കർ: യെസ്.......... യെസ്.............

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഒരാൾ ആക്സിഡന്റായി ചെന്നാൽ ഒരിടത്തും പഞ്ഞിയില്ല എന്ന് മലയാള മനോരമയാണ് പറഞ്ഞ്. പലയിടത്തും നോക്കാനായി ആളും കുത്തിവെയ്ക്കാൻ സിറിഞ്ചും ഇല്ല. മരിച്ചാൽ മൂക്കിൽ പഞ്ഞി വയ്ക്കാൻ ഇല്ല. ഇതൊക്കെ കേരളത്തിലെ പ്രമുഖ പത്രങ്ങൾ പറയുന്നതാണ്, പ്രതിപക്ഷം പറയുന്നതല്ല. ഒന്നുമില്ലാത്തവണ്ണം, സത്യത്തിൽ എല്ലാ അർത്ഥത്തിലും കുഴച്ചുമറിച്ച, തറവാടിന്റെ അടിസ്ഥാനം തകർത്ത ഒരു ആരോഗ്യവകുപ്പായി കേരളത്തിലെ ആരോഗ്യവകുപ്പ് മാറിയിരിക്കുകയാണ്.

മി. സ്പീക്കർ: യെസ്.......... യെസ്.............കൺക്ലൂഡ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇവരെക്കുറിച്ചാണെന്ന് തോന്നുന്നു ലോകത്തിലെ പ്രശസ്ത സാഹിത്യകാരൻ മരിച്ചുപോയ ഗബ്രിയേൽ ഗാർഷ്യസ് മാർക്വസ് അദ്ദേഹത്തിന്റെ ഒരു പ്രസിദ്ധമായ വാചകം പറഞ്ഞിട്ടുണ്ട്, ആ വാചകം 'ഒരാൾക്ക് ഉള്ള ഏറ്റവും വലിയ സമ്പത്ത് ആരോഗ്യ

മാണ്, ഏറ്റവും വലിയ പ്രശ്നം രോഗമാണ്, രോഗത്തെക്കാൾ മോശമായി ഒന്നേയുള്ളൂ അത് പേരുദോഷമാണ്' എന്നാണ്. കേരളത്തിൽ മുഴുവൻ രോഗമാണ്. ഇവർ പേരുദോഷത്തിന്റെ തറവാടാണ്. അത് മാർക്വസ് സത്യത്തിൽ ഈ യു.ഡി.എഫ്. ഗവൺമെന്റ് ഇങ്ങനെ ഉണ്ടാകുമെന്നുവെച്ച് പണ്ട് പറഞ്ഞതാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കു കയാണ്.

മി. സ്പീക്കർ: യെസ്.......... യെസ്....... കൺക്ലൂഡ്....... മാർക്വസിന്റെ കാര്യം പറഞ്ഞില്ലെ അത് മതി.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇവർ ഓരോ പുസ്തകം അടിച്ചുതന്നി ട്ടുണ്ട്. 676 ദിവസം വരെ ഇവർക്ക് ആയുസ്സുണ്ടെന്നാണ്. കേരളത്തിലെ എത്ര കുട്ടികൾക്ക് 676 ദിവസം ഇനി ആയുസ്സുണ്ടാകും, എത്ര പനിപിടിച്ചവന് 676 ദിവസം ആയുസ്സുണ്ടാകും. കേരളത്തിന്റെ ആയുസ്സിന്റകത്ത് പനിപിടിച്ച് വിറയ്ക്കുമ്പോൾ 676 ദിവസം പറഞ്ഞിരിക്കുന്ന, ഒന്നും ചെയ്യാത്ത ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വമില്ലായ്മയെക്കുറിച്ച്, പനി പിടിച്ച് കേരളം ഹൃദയം നൊന്ത് നിൽക്കുമ്പോൾ ആ പ്രശ്നം ഭരണകക്ഷിയും പ്രതിപക്ഷവും ചർച്ച ചെയ്ത് ചില തീരുമാനങ്ങൾ കൈക്കൊള്ളണം. പ്രത്യേക ക്യാബിനറ്റ് കൂടി ഈ പനിയെ നേരിടാൻ ഒരു പാക്കേജ് അംഗീകരിക്കണം. സാധാരണ മനുഷ്യൻ അത്താഴപ്പട്ടിണിയായിരിക്കുമ്പോൾ, മരുന്നില്ലാതെ നിൽക്കുമ്പോൾ അവനത് കൃത്യമായി കിട്ടുമെന്നുറപ്പാക്കാൻ ഒരു സംവിധാനം വേണം. അതിനുവേണ്ടി സഭ നിർത്തിവെച്ച് ഇത് ചർച്ച ചെയ്യപ്പെടണമെന്ന് ആവശ്യപ്പെ ട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ പ്രാവശ്യം കാലവർഷത്തോടനുബന്ധിച്ച് പനി, പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുവേണ്ടി വളരെ നേരത്തെതന്നെ ആരോഗ്യവകുപ്പും മറ്റ് അനുബന്ധവകുപ്പുകളുമായും സംയുക്തമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഏകദേശം 2000 –2001 കാലഘട്ടം മുതൽ അല്ലെങ്കിൽ 1999 അവസാനം മുതൽ ഓരോ കാലവർഷം വരുന്ന സാഹചര്യം അനുസരിച്ച് പനി വരുന്നുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഈ വർഷം പനിബാധിതരുടെ എണ്ണം കുറയ്ക്കാൻ വേണ്ടിയുള്ള നടപടികൾ നമ്മൾ സ്വീകരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടത് ഈ പ്രാവശ്യം എല്ലാ വർഷത്തെയുംപോലെ കൂടുതലായി കാണുന്നത് വൈറൽ പനിയാണ്. അതെല്ലാ മഴക്കാലത്തും വരുന്നതാണ്. അന്തരീക്ഷത്തിന്റെ തണുപ്പ് കുറയുമ്പോൾ വൈറൽ പനി വരുന്നു. അത് പകരുന്നത് വായുവിലൂടെയാണ്. അത് പകരാതിരിക്കുന്നതിലേയ്ക്ക് വേണ്ടി യുള്ള നടപടികൾ സ്വീകരിക്കുക, ആവശ്യമായ ട്രീറ്റുമെന്റുകൾ കൊടുക്കുക എന്നുള്ളതാണ്. അതിന് പനി വന്നയാളുകൾ മാറി താമസിക്കണം. അത്തര ത്തിലുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വൈറൽ പനി ബാധിതരുടെ എണ്ണം കഴിഞ്ഞവർഷം 12,57,331 ആണ്. ഈ വർഷം 11,17,954 ആണ്. കഴിഞ്ഞ വർഷം ജൂൺ മാസത്തിൽ 4,06,277 ആണ്. ഈ വർഷം 2,96,057 ആണ്. വൈറൽ പനിയുണ്ടെന്നത് ഞാൻ സമ്മതിക്കുന്നു. പക്ഷെ പനി ഈ വർഷം വളരെ ഗണ്യമായ രീതിയിൽ കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ പോലുള്ള രോഗ ങ്ങൾ കഴിഞ്ഞ വർഷം 18,855 എണ്ണം റിപ്പോർട്ട് ചെയ്തു. ഈ പ്രാവശ്യം

അത് 4,706 ആണ്. വെറും 24% ആയി കുറയ്ക്കാൻ കഴിഞ്ഞു. ഇതിന് കാരണം ഈ ഗവൺമെന്റ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ നേരത്തെ ഏറ്റെടുത്തത് കൊണ്ടാണ്. തിരുവനന്തപുരം ജില്ലയിൽ ഡെങ്കിപ്പനി വന്നു, മറ്റു പല ജില്ലകളിലും ചിക്കുൻ ഗുനിയ അതുപോലുള്ള പല രോഗങ്ങളും വന്നു. അവിടെ എന്ത് ചെയ്യണമെന്ന് വിദഗ്ദരുമായി ആലോചിച്ച് വളരെ നേരത്തെതന്നെ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു. അന്തരീക്ഷത്തിൽ മാറ്റം വരുമ്പോൾ പനിയും വൈറൽ ഫിവറുമൊക്കെ വരുന്നുണ്ട്. പതിനെണ്ണായിര ത്തിൽപ്പരം മാരകപനി ഉണ്ടായിരുന്നത് ഈ പ്രാവശ്യം 4,706 ആയി കുറച്ചു കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഡെങ്കിപ്പനിയുടെ കാര്യം മാത്രമെടു ത്താൽ കഴിഞ്ഞ വർഷം ജൂൺ മാസത്തിൽ 1,744 കൺഫേംഡും 6,242 കൺഫർമേഷൻ ഇല്ലാത്തതുമാണ്. ഈ വർഷം 1,744 എന്നത് 269 ആണ്. വളരെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം ഡെങ്കിപ്പനി മൂലം മരണം സംഭവിച്ചത് 110 ആണ്. ഒരു മരണം സംഭവിക്കുന്നതുപോലും വളരെ വേദനാജനകമാണെങ്കിലും ഈ വർഷം ജൂൺ മാസത്തിൽ 8 മരണം സംഭവിക്കുകയുണ്ടായി. അത് വളരെ കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ജൂൺ മാസത്തിൽ 56 ഡെങ്കിപ്പനി മരണം ഉണ്ടായ തെങ്കിൽ ഈ വർഷം 2 മരണമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എലിപ്പനി കഴിഞ്ഞ വർഷത്തേക്കാളും കുറവാണെങ്കിലും താരതമ്യേന ഡെങ്കിപ്പനിയേ ക്കാളും കൂടുതലായിട്ടുണ്ട്. ചിക്കുൻ ഗുനിയ വളരെയധികം കുറച്ചുകൊണ്ടു വരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ പറയുന്ന കണക്കുകൾ അനുസരിച്ച് പനി, വൈറൽ ഫീവർ വളരെയധികം ഉണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. ഇതിനുവേണ്ട ഏറ്റവും

ഗൗരവത്തോടുകൂടിയുള്ള നടപടികൾ തന്നെയാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഗവൺമെന്റ് ക്യാബിനറ്റ് കൂടി 1902 താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ തീരുമാനം എടുത്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായി എടുത്ത തീരുമാനം ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ജീവനക്കാർ തുടങ്ങി 1902 ജീവനക്കാരെ നിയമിച്ചതാണ്. ക്യാബിനറ്റ് കൂടി ഈ വർഷം അവർക്ക് എക്സ്റ്റന്റ് ചെയ്തുകൊടുത്തിരിക്കുകയാണ്. അവരുടെ സേവനം എല്ലാ തലങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. സങ്കീർണ്ണങ്ങളായിട്ടുള്ള രോഗങ്ങളെ ചെറുത്തുനിർത്തുക എന്നുള്ള കാര്യത്തിൽ ഗവൺമെന്റ് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. അതാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ പനി പകരുന്നത്, കൊതുക് ജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ ഇതൊക്കെ പ്രതിരോധിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് വിശദമായി പറയുന്നില്ല. ആദ്യമായി വകുപ്പുതല കോർഡിനേഷനുവേണ്ടി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വാട്ടർ റിസോഴ്സ് ഡിപ്പാർട്ട്മെന്റ്, പഞ്ചായത്ത് വകുപ്പ്, ആരോഗ്യവകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേർന്നു. അവർ സംസ്ഥാനത്തെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ചേർന്ന് ഈ വർഷത്തെ പ്രതിരോധപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു വലിയ കർമ്മ പദ്ധതിക്ക് രൂപം കൊടുത്തു. ആ കർമ്മ പദ്ധതിക്ക് രൂപം കൊടുത്തതിനുശേഷം ദേശീയതലത്തിൽ വിദഗ്ദരുമായി അഭിപ്രായം തേടി അവരുടെ അഭിപ്രായങ്ങൾക്കനുസൃതമായിട്ടാണ് കേരളത്തിലെ ഓരോ ഘട്ടത്തിലുമുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത്. അതനുസരിച്ച് കൊതുക് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി 'ഡ്രൈ കണ്ടെയ്നർ ആന്റ് കീ കണ്ടെയ്നർ എലിമിനേഷൻ ക്യാമ്പെയ്ൻ' അതു

പോലെ 'റബ്ബർ പ്ലാന്റേഷൻ ക്യാമ്പെയ്ൻ', ഏപ്രിൽ 25-നും സോഴ്സ് റിഡക്ഷൻ ക്യാമ്പെയ്ൻ ഇൻ പബ്ലിക് പ്ലെയ്സസ്, മേയ് 12-നും ജല ശുദ്ധീകരണ ക്യാമ്പെയ്ൻ മേയ് 22-നും തുടങ്ങി. ഏഴ് ലക്ഷം കിണറുകൾ ക്ലോറിനേറ്റ് ചെയ്തു. കുടിവെള്ളത്തിലൂടെ ഇത് പകരുന്നുവെന്ന് കണ്ടു കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏഴ് ലക്ഷത്തിലധികം കിണറുകൾ ഈ പ്രാവശ്യം ക്ലോറിനേറ്റ് ചെയ്തു. ജൂലൈ 4 മുതൽ ഹെൽത്ത് അസംബ്ലികൾ കൂടുന്നു. 48,00,000 കുട്ടികൾ നമ്മുടെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കുട്ടികൾക്ക് കഴിയുമെന്നുള്ളതുകൊണ്ട് എല്ലാ ബുധനാഴ്ചയും കേരളത്തിൽ ഹെൽത്ത് അസംബ്ലികൾ കൂടുന്നുണ്ട്. വെള്ളി, ശനി, ഞായർ എന്നീ മൂന്ന് ദിവസം 'ഡ്രൈ ഡേ' ആചരിക്കുന്നുണ്ട്. വെള്ളിയാഴ്ച സ്കൂളു കളിലും, ശനിയാഴ്ച പബ്ലിക് പ്ലേസുകളിലും ഞായറാഴ്ച വീടുകളിലും 'ഡ്രൈ ഡേ' ആചരിക്കുന്നുണ്ട്. ഡ്രൈ ഡേയുടെ രണ്ടാംഘട്ടം 29-ാം തീയതി ആരംഭിക്കാൻ പോകുകയാണ്. അതുകഴിഞ്ഞ് എല്ലാ ഞായറാഴ്ചയും 'ഡ്രൈ ഡേ' ആരംഭിക്കാൻ പോകുന്നു. ആരോഗ്യ വകുപ്പ് രണ്ട് കോടി രൂപ ഇതിന്റെ പ്രവർത്തനങ്ങൾക്ക് ജില്ലാ തലങ്ങളിൽ കൊടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. അതുപോലെതന്നെ എൻ.ആർ.എച്ച്.എം., ശുചിത്വമിഷൻ....... എൻ.ആർ.എച്ച്.എം. 10,000/- രൂപ ഓരോ വാർഡിനും ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി കൊടു ക്കുന്നുണ്ട്.

അതുപോലെത്തന്നെ ശുചിത്വ മിഷൻ 10,000 രൂപ കൊടുക്കുന്നുണ്ട്. ശുചിത്വ മിഷൻ കൊടുക്കുന്ന 10,000 രൂപ അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള മുഴുവൻ പഞ്ചായത്തുകൾക്കും കൊടുത്തിട്ടുണ്ട്. ചില പഞ്ചായത്തുകൾ ഈ തുക ചിലവഴിച്ചിട്ടില്ല. ചിലവഴി ച്ചിട്ടുള്ള മുഴുവൻ പഞ്ചായത്തുകൾക്കും കൊടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾക്ക് 50,000 രൂപ വരെ വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേക്കുള്ള പെർമിസീവ് സാങ്ഷൻ കൊടു ത്തിട്ടുണ്ട്. എല്ലാ വാർഡ് തലങ്ങളിലും ഈ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൊതുകുകളുടെ സാന്ദ്രതാ പഠനം നടത്തി ഓരോ ദിവസവും ഹെൽത്ത് ഇൻസ്പെക്ടർമാരും അതുപോലെ മറ്റ് ഉദ്യോഗസ്ഥൻമാരും ഇതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം തന്നെ രോഗ നിർണ്ണയം, എല്ലാ ജില്ലകളിലും എല്ലാ ആശുപത്രികളിലും ഈ പനിക്കുവേണ്ടി യുള്ള ഐ. ജി. എം. കിറ്റുകൾ വാങ്ങി നൽകി. ഈ ഗവൺമെന്റ് വന്നതിനു ശേഷം സ്റ്റേറ്റ് പബ്ലിക്ക് ലാബിൽ പി. സി. ആർ. ടെസ്റ്റ് തുടങ്ങി. ആദ്യമായി ട്ടാണ് ഒരു സംസ്ഥാനത്ത് പി. സി. ആർ. ടെസ്റ്റ് നടത്തുന്നത്. വൈറസിനെ കണ്ടെത്തുന്നതിലേയ്ക്കു വേണ്ടിയുള്ള ടെസ്റ്റിന് ഇനി നമുക്ക് പുറത്തു കൊണ്ടു പോകേണ്ടി വരുന്നില്ല. അതിലേയ്ക്കു വേണ്ടിയുള്ള സംവിധാന ങ്ങൾ നമ്മൾ ഏർപ്പെടുത്തിയിട്ടുണ്ട്. പി. എച്ച്. സി., സി. എച്ച്. സി. ആശുപ ത്രികളിലും എല്ലാ സൗകര്യങ്ങളുമുണ്ട്. അതോടൊപ്പം തന്നെ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ, ഇപ്പോൾ എലിപ്പനി വന്നു കഴിഞ്ഞാൽ സ്വകാര്യ ആശുപത്രി കളിലോ അല്ലെങ്കിൽ മറ്റേതെങ്കിൽ ആശുപത്രികളിൽ പോയാൽ.... ഞാൻ ആരെയും കുറ്റപ്പെടുത്തുന്നതല്ല, ഏതെങ്കിലും ആശുപത്രികളിൽ പോയാൽ

ആ പ്രോട്ടോക്കോൾ അനുസരിച്ച് ചികിത്സിക്കുന്നതിലേക്കു വേണ്ടിയുള്ള സംവിധാനം കർശനമായി എല്ലായിടത്തും കൊടുത്തിട്ടുണ്ട്. അതിന് ആദ്യ മായി കൊടുക്കേണ്ട ചികിത്സ, എന്തെല്ലാം മരുന്നുകൾ കൊടുക്കണം, ഏതു രീതിയിലുള്ള ചികിത്സയാണ് കൊടുക്കേണ്ടത് എന്നുള്ളത് അനുസരിച്ചുള്ള ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ എല്ലാ തലങ്ങളിലും എത്തിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഇവിടെ മരുന്നിനെ സംബന്ധിച്ച് പറഞ്ഞു. ഞാൻ ഇന്നലെ ചൂണ്ടിക്കാ ണിച്ചതുപോലെ ജനുവരി മാസത്തിൽ തന്നെ മെഡിക്കൽ സർവ്വീസ് കോർപ്പ റേഷൻ മരുന്ന് വാങ്ങുന്നതിലേയ്ക്കുള്ള ടെണ്ടർ ക്ഷണിച്ചു. ആ ടെണ്ടർ ക്ഷണിച്ചപ്പോൾ 8 ശതമാനം മരുന്നിനു വേണ്ടിയുള്ള ടെണ്ടർ മാത്രമാണ് നമുക്ക് കിട്ടിയത്. അതുകൊണ്ട് ആ ടെണ്ടർ ഉടൻ തന്നെ ക്യാൻസൽ ചെയ്ത് അന്നു തന്നെ റീ-ടെണ്ടർ വിളിച്ചു. ആ മരുന്നുകൾ വന്നുകൊണ്ടിരിക്കുകയാ ണ്. കേരളത്തിൽ 2 ദിവസത്തിനു മുമ്പ് ഈ മരുന്നുകൾ ലഭ്യമാകാത്ത സാഹ ചര്യമുണ്ടെങ്കിൽ അത് വിലയിരുത്തിക്കൊണ്ട് 2 കോടി രൂപ ഡി. എം. ഇ. ക്കും 1 കോടി രൂപ ഡി. എച്ച്. എസ്-നും കൊടുത്തിട്ടുണ്ട്. ആശുപത്രിക ളിൽ മരുന്നില്ല എന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുത് എന്ന് പറഞ്ഞിട്ടു ണ്ട്. ഇന്നലെയും മിനിഞ്ഞാന്നുമായി നമ്മൾ ഓരോ ജില്ലകളിലും രൂപ കൊടു ത്തിട്ടുണ്ട്. ഡി. എച്ച്. എസ്സ്-ന്റെ റിപ്പോർട്ടിൽ ആരോഗ്യ വകുപ്പിന്റെ എല്ലാ ആശുപത്രികളിലും പനിക്കുവേണ്ട എല്ലാ ജീവൻരക്ഷാ മരുന്നുകളും ലഭ്യ മാണ് എന്ന് എഴുതിയിട്ടുണ്ട്. ഔദ്യോഗികമായി വിലയിരുത്തി റിവ്യു നടത്തിയിട്ട് ലഭ്യമാക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഡി. എച്ച്. എസ്സ് തന്ന റിപ്പോർട്ടാണിത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള

ത്തിലെ ആശുപത്രികളിൽ 14 ഡി.എം.ഒ.-മാരിൽ നിന്നും ഞാനതിന്റെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ജീവൻ രക്ഷാ മരുന്നുകളും പനിക്കുള്ള മരുന്നുകളും കേരളത്തിലെ എല്ലാ ആശുപത്രികളി ലുമുണ്ട്. ഇല്ലാത്ത തലങ്ങളിൽ ഈ തുക ഉപയോഗിച്ച് വാങ്ങുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളത്തിൽ ഇന്ന് ജീവൻ രക്ഷാ മരുന്നുകളി ല്ലാത്ത ആശുപത്രികൾ.....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 1 കോടി രൂപയ്ക്ക് എത്ര മരുന്നു കിട്ടും?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 1 കോടി രൂപയുടെ മരുന്നല്ല. അവിടെ 1 കോടി രൂപ കൊടുത്തിരിക്കുന്നു എന്ന് പറഞ്ഞാൽ ഓരോ ജില്ലക ളിലും ആവശ്യമായിട്ടുള്ളത് കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളത് അവിടത്തെ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിലേക്കുവേണ്ടിയുള്ള അനുമതി കൊടുത്തിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഇന്നലെ ശ്രീ. വി. ഡി. സതീശൻ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നതാണല്ലോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അതിന് ഞാൻ മറുപടി പറഞ്ഞിരുന്ന താണ്. അത് അദ്ദേഹത്തിന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകളും പനിയുടെ മരുന്നുകളുമുണ്ട്. ഇന്നലെ ഡി. എം. ഒ-മാരിൽ നിന്നും ഞാൻ നേരിട്ട് വാങ്ങിയ റിപ്പോർട്ടിൽ ഈ മരുന്നുകൾ എല്ലാ തലങ്ങളി ലുമുണ്ട്. ഇവിടെ എൻ. സി. ഡി. (ജീവിത ശൈലീ രോഗങ്ങൾ)-ക്കുള്ള മരുന്നുകളിൽ ചില കുറവുണ്ട്. ആ മരുന്നുകൾ വന്നുകൊണ്ടിരിക്കുന്നു.

ജൂലൈ 15–ന് അകം കേരളത്തിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മരുന്നു വാങ്ങി എല്ലാ തലങ്ങളിലും എത്തിക്കും. എൻ.സി.ഡി. മരുന്ന് മാത്രമാണ് ഇല്ലാത്തത്. അതിൽ തിരുവനന്തപുരത്ത് മാറനല്ലൂർ പഞ്ചായത്തിലെ മാറനല്ലൂർ പി. എച്ച്. സി. യിലും ആലപ്പുഴ ജില്ലയിൽ അരൂക്കുറ്റി താലുക്ക് ഹോസ്പിറ്റൽ (ഹരിപ്പാട്) അങ്ങനെ രണ്ടോമൂന്നോ ആശുപത്രികളിൽ മാത്രമാണ് എൻ. സി. ഡി. യുടെ മരുന്നുകൾ ഇല്ലാത്തത്. തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ എൻ. സി. ഡി. യുടെ മരുന്നുകളില്ല. ബാക്കിയുള്ള എല്ലാ തലങ്ങളിലും മരുന്നുകളുണ്ട്. മരുന്ന് കിട്ടിയിട്ടില്ലെങ്കിൽ എച്ച്. ഡി. സി. ഫണ്ട്, ആർ. എസ്. ബി. വൈ ഫണ്ട്, ഈ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിടെയൊരു കമ്മിറ്റി രൂപീകരി ച്ചിട്ടുണ്ട്. ആ കമ്മിറ്റി യോഗം ചേർന്ന് കാരുണ്യ ഫാർമസിയിൽ നിന്നോ അല്ലെങ്കിൽ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നോ  അല്ലെങ്കിൽ എച്ച്. ഡി. സി. നടത്തുന്ന അവിടത്തെ മരുന്നുശാലകളിൽ നിന്ന് മരുന്ന് വാങ്ങണം എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.  ആവശ്യമായിട്ടുള്ള തുക ഇതിന് കൊടുക്കുന്ന തായിരിക്കും. അപ്പോൾ അത്തരത്തിലുള്ള നടപടികൾ.... ഇവിടെ ഡോക്ടർമാരുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. ഡി എച്ച്. എസ്–ന്റെ കീഴിൽ ആരോഗ്യ വകുപ്പിൽ 534 ഡോക്ടർമാരുടെ ഒഴിവുണ്ട്. ഒഴിവെന്നു പറഞ്ഞാൽ ഇത് നിശ്ചിതമായി നിൽക്കുന്നതല്ല. രണ്ടു ദിവസത്തിനുമുമ്പ് അസിസ്റ്റന്റ് സർജൻമാരായിട്ടുള്ള ഡോക്ടർമാർ പി. ജി–യുള്ള ഡോക്ടർമാരെ കൗൺസി ലിംഗ് നടത്തി 150–ഓളം ഡോക്ടർമാരെ അവിടെ ജൂനിയർ കൺസൾട്ടന്റായും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായും നിയമിച്ചു. അവിടെ

ആ വേക്കൻസി വരികയാണ്. അതിന് 2–ാം തീയതി കൗൺസിലിംഗ് വച്ചിരിക്കുകയാണ്. അപ്പോൾ അവരുടെ പ്രൊമോഷൻ വരുമ്പോൾ.............. ചിലപ്പോൾ ഒരാഴ്ച വരും. അത് ഉടൻതന്നെ നിയമിക്കുന്നതാണ്. 1902 ഡോക്ടർമാർ ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാരെ ഈ ഗവൺമെന്റ് നിയമിച്ചു. അപ്പോൾ അത്തരത്തിൽ വളരെ ഗൗരവത്തോടുകൂടിയാണ് ഈ കാര്യങ്ങളെ കാണുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യവകുപ്പിൽ 4500 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ഈ ഗവൺമെന്റ് വന്ന സാഹചര്യത്തിൽ ഒരു ആശുപത്രികളിലും ഡോക്ടറില്ലായിരുന്നു. 4500 സ്റ്റാഫിനെ ഈ ഗവൺമെന്റ് വന്നതിനുശേഷം നിയമിച്ചു. ആരോഗ്യവകുപ്പ് അത്തരത്തിൽ ശക്തമായിട്ടുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പരസ്യം കൊടുത്തതിനെ കുറിച്ച് പറഞ്ഞു. പനി വരുമ്പോൾ ജനങ്ങൾ പാലിക്കപ്പെടേണ്ട കാര്യങ്ങളെക്കുറിച്ച് പരസ്യം കൊടുക്കുന്നതിൽ എന്താണ് തെറ്റ്? എനിപ്പനി, വൈറൽ ഫീവർ പോലെയുള്ള രോഗങ്ങൾ വരുമ്പോൾ അതിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്, എന്ത് ചികിത്സ വേണം എന്നിവയെ സംബന്ധിച്ചുള്ളതണ് ആ പരസ്യങ്ങൾ. അങ്ങനെയൊരു പരസ്യം കൊടുക്കേണ്ടതല്ലേ. ഞാനത് നിർബന്ധമായി പറഞ്ഞിട്ട് ആരോഗ്യവകുപ്പ് കൊടുത്തതാണ്. പനിവരുമ്പോൾ എന്തെല്ലാം പ്രോട്ടോക്കോൾ അനുസരിച്ച് ഡോക്ടർമാർ ചികിത്സിക്കണം, നമ്മൾ എന്തൊക്കെ മുൻകരുതലെടുക്കണം. അത് പറയുന്നത് തെറ്റാണെന്ന് ഞാൻ കരുതുന്നില്ല. അപ്പോൾ ആരോഗ്യവകുപ്പ് ഇക്കാര്യങ്ങളിൽ ശക്തമായിട്ടുള്ള നടപടികളെടുത്തുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. കഴിഞ്ഞ വർഷത്തെ

അപേക്ഷിച്ച് പനി കുറവാണ്. പ്രത്യേകിച്ച് മാരക പനികൾ 18855 ഉണ്ടായിരുന്നത്........ നമ്മൾ ഏറ്റവും ശ്രദ്ധ കൊടുത്തത് അതാണ്. ആളുകൾക്ക് മരണം സംഭവിക്കുന്നത് അതാണ്. ഈ പ്രാവശ്യം 4706 ആയി കുറയ്ക്കാൻ കഴിഞ്ഞു. ഡെങ്കിപ്പനിയെ സംബന്ധിച്ച് തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ എന്തായിരുന്നു സ്ഥിതി. ചില സ്ഥലങ്ങളിലൊക്കെ ഈ രോഗങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് കണ്ടുകൊണ്ട് അവിടെ എഫക്ടീവായിട്ടുള്ള പ്രവർത്തനങ്ങൾ എടുക്കുന്നുണ്ട്. ഡിഫ്ത്തീരിയ ബാധിച്ച് വിഴിഞ്ഞത്ത് ഒരു കുട്ടി മരിച്ചു. നമ്മൾ അവിടെയെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്നതാണ്. ആ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചപ്പോൾ തന്നെ അതിനുവേണ്ടുന്ന എല്ലാവിധ മരുന്നുകളും കൊടുത്തു. വളരെ അത്യാസന്ന നിലയിലായിരുന്ന ആ കുട്ടി മരണപ്പെട്ടു പോയി. പക്ഷേ അവിടെ ഇന്നലെ ഏകദേശം 60-ഓളം ജെ. പി. എച്ച്-എൻ. മാർ ആ ഏരിയ മുഴുവൻ സ്ക്രീൻ ചെയ്ത് 1048 വാർഡുകൾ ഇന്നലെത്തന്നെ സന്ദർശിച്ച് 1688 കുട്ടികളെ പരിശോധിച്ചു. 386 കുട്ടികൾക്ക് ജലദോഷവും, തൊണ്ട വേദനയുമൊക്കെയുള്ള കുട്ടികൾക്ക് ആന്റിബയോട്ടിക് നൽകി. ഗുരുതര രോഗലക്ഷണമുള്ള ആരെയും അവിടെ കണ്ടെത്തിയിട്ടില്ല. ഭാഗികമായി ചില കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിരുന്നില്ല. അവർക്ക് ഇന്ന് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നുണ്ട്. അതുപോലെത്തന്നെ സ്കൂളുകളിൽ ബോധവൽക്കരണം നടത്തി. ഇത്തരത്തിൽ ഫലപ്രദമായ പ്രവർത്തനം ഒറ്റ ദിവസംകൊണ്ട് ഇന്നലെ അവിടെ നടത്തി. ആരോഗ്യ പ്രവർത്തകർ വളരെ കാര്യക്ഷമമായി ഈ കാലഘട്ടത്തിൽ

പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. പനി എന്നു പറയുന്നത് എല്ലാ വർഷവും വരുന്നു. അത് വളരെ മുൻകൂട്ടി കണ്ടുകൊണ്ട് പനി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എടുത്തതിന്റെ ഭാഗമായി മരണം ഉൾപ്പെടെ സംഭവിക്കാവുന്ന മാരകമായ പനികൾ നാലിലൊന്നായി കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു. ഗവൺമെന്റ് ഇതിനെ വളരെ ഗൗരവത്തോടു കൂടിയാണ് നോക്കിക്കാണുന്നത്. പ്രത്യേക ക്യാബിനറ്റ് എത്രയോ പ്രാവശ്യം കൂടി. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആരോഗ്യവകുപ്പ് പറയുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് മുന്നോട്ടുപോകാനുള്ള തീരുമാനം മന്ത്രിസഭ എടുക്കാറുണ്ട്. വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടക്കുന്നു. പ്രകൃതിയുടെ മാറ്റങ്ങൾക്കനുസരിച്ച് പനി വരുന്നു. പനി കുറയ്ക്കുന്നതിലേക്ക് ആവശ്യമായിട്ടുള്ള സ്റ്റാഫ്, മരുന്ന്, അതുപോലെ യുള്ള മറ്റ് സംവിധാനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ ഇതെല്ലാം ഗവൺമെന്റ് ശക്തമായി ഏറ്റെടുക്കുന്ന സാഹചര്യത്തിൽ സഭ നിർത്തി വച്ച് അടിയന്തരമായിട്ടുള്ള ഒരു ചർച്ച നടത്തേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആരോഗ്യ വകുപ്പുമന്ത്രി വളരെ വിശദമായി കാര്യങ്ങൾ ഇവിടെ പറഞ്ഞു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ സീസണിൽ പനി വരുന്നത് നമ്മുടെ അനുഭവമായതുകൊണ്ടു തന്നെ വളരെ നേരത്തേ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും കോ-ഓർഡിനേഷൻ നടത്തുന്നതിനുവേണ്ട എല്ലാ നടപടികളും തീരുമാനങ്ങളും എടുത്തിട്ടുണ്ട്. ഇതുവരെ കിട്ടിയ റിപ്പോർട്ടുകൾ വച്ച് കാര്യങ്ങൾ നിയന്ത്രണ വിധേയമാണ്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ആരോഗ്യമാണ് ഏറ്റവും വലിയ പ്രശ്നം, അതുകൊണ്ടു

തന്നെ ഈ കാര്യത്തിൽ ഒരു കുറവും വരരുത് എന്നുവിചാരിച്ചു കൊണ്ടുള്ള നടപടികളാണ് ആരോഗ്യവകുപ്പ് എടുത്തിരിക്കുന്നത്. ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള ബഹുമാനപ്പെട്ട മെമ്പർമാരോട് പറയുകയാണ്, ഞങ്ങൾ ഏറ്റവും കൂടുതൽ പ്രയോറിറ്റിയോടു കൂടി ചെയ്ത മൂന്ന് കാര്യങ്ങൾ മന്ത്രി ഇവിടെ വിശദീകരിച്ചു. അതിൽ ഏതെങ്കിലും കാര്യത്തിൽ കുറവ് ഉണ്ടെങ്കിൽ നിങ്ങൾ അത് ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ഒന്ന്, വേക്കൻസികളൊക്കെ ഫില്ലപ്പ് ചെയ്യുകയാണ്. മനുഷ്യസാധ്യമായ രീതിയിലുള്ള നടപടികളെടുത്തു. ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത സാഹചര്യത്തിൽ റിട്ടയർ ചെയ്തവരേയും പുറത്തുനിന്നുള്ളവരേയും എടുക്കുന്നതിനും അവർക്ക് സാലറി കൂട്ടികൊടുക്കുന്നതിനുമുള്ള തീരുമാന മെടുത്തു. സ്റ്റാഫിന്റെ, പ്രത്യേകിച്ച് ഡോക്ടർമാരുടെ കുറവുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുക. രണ്ടാമതായി, എല്ലാ ആശുപത്രിയിലും മരുന്ന് നിർബന്ധമായും ഉണ്ടാകണമെന്ന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടപടി എടുത്തിട്ടുണ്ട്. മരുന്നിന്റെ കുറവ് ഉണ്ടെങ്കിൽ അതും ചൂണ്ടിക്കാണി ക്കൂ. മൂന്നാമതായി, ശുചീകരണത്തിനുവേണ്ടി ഫണ്ട് കൊടുക്കാൻ തീരുമാന മെടുത്തു. അതും പൂർത്തിയായിട്ടുണ്ട്. ഇതിൽ എവിടെയെങ്കിലും കുറവ് ഉണ്ടെങ്കിൽ ആ കുറവ് നികത്താൻ തയ്യാറാണ്. ഇതൊക്കെയാണ് നമ്മൾ എടുത്തിട്ടുള്ള തീരുമാനങ്ങൾ. ആശുപത്രിയിൽ വരുന്ന രോഗികളുടെ കണക്ക് സംബന്ധിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എല്ലാ ദിവസവും മോണിറ്റർ ചെയ്തു കൊണ്ടിരിക്കുകയാണ്. അതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് നിയന്ത്രണ വിധേയം എന്നു പറഞ്ഞിട്ടുള്ളത്. കുറവുകളുണ്ടെങ്കിൽ അത് നികത്തും, അത് പരിഹരിച്ചേ മതിയാകൂ. അതിന് എല്ലാ ജനപ്രതിനിധികളു ടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട

മുല്ലക്കര രത്നാകരൻ സ്വസിദ്ധമായ ഭാഷയിൽ പലതും പറഞ്ഞ് ഞങ്ങളെ വിമർശിച്ചു. വിമർശനങ്ങളിലൊന്നും ഒരു പേടിയുമില്ല, ശരിയുണ്ടെങ്കിൽ അത് ഉൾക്കൊള്ളും. അങ്ങയോട് എനിക്ക് ഒരു ചോദ്യമുണ്ട്. ജനങ്ങളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം ഈ സഭയിൽ കൊണ്ടുവരുന്നത് പതിമൂന്നാമത്തെ ദിവസമാണ് എന്നകാര്യം മറക്കരുത്. .......(ബഹളം).....

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, പനി വരുമ്പോഴാണ് പറയുന്നത്. നിങ്ങൾ ചെയ്യുന്നത് ഞങ്ങൾ നോക്കിയിരിക്കുകയാണ്. അങ്ങ് ഇങ്ങനെ പറയരുത്, ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നില്ലെങ്കിൽ അത് വിമർശിക്കാം. പതിമൂന്നാമത്തെ ദിവസമാണ് അടിയന്തരപ്രമേയം കൊണ്ടുവന്നത് എന്നു പറഞ്ഞത് ശരിയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ പറഞ്ഞത് കൊണ്ടുതന്നെ, കാര്യങ്ങൾ ശരിയായ വഴിക്ക് പോകുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. ആരോഗ്യവകുപ്പ് ഏറ്റവും നല്ല നിലയിൽ ഇന്ന് പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്. അതിന് നിങ്ങളുടേയും സഹകരണമുണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, അടിയന്തര പ്രാധാന്യമുള്ളപ്പോഴല്ലേ അടിയന്തരപ്രമേയം കൊണ്ടുവരേണ്ടത്. പതിമൂന്ന് ദിവസം മുൻപേ കൊണ്ടുവരണമെന്ന് പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: എന്നല്ല അദ്ദേഹം പറഞ്ഞത് നിങ്ങൾ തെറ്റിദ്ധരിക്കരുത്. രാഷ്ട്രീയപ്രവർത്തനത്തിൽ ഭരണകക്ഷികളാണെങ്കിലും പ്രതിപക്ഷമാണെ ങ്കിലും ഒരു ഇഷ്യൂ ഏറ്റെടുക്കുന്നതിന് ചില പ്രയോറിറ്റി വേണം. അതായിരിക്കും അദ്ദേഹം ഉദ്ദേശിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മൂന്ന് ലക്ഷം ആളുകൾക്ക് പനി വരുന്നതുവരെ ഈ ഗവൺമെന്റ് അനങ്ങിയില്ല. മൂന്ന് ലക്ഷത്തിൽപ്പരം ആളുകൾക്ക് പനിവന്നു, അതിനാണ് അടിയന്തരപ്രമേയം. ഒരാൾ മരിക്കുമ്പോൾ അടിയന്തരപ്രമേയം കൊണ്ടുവരേണ്ട കാര്യമില്ല. മൂന്ന് ലക്ഷം ആളുകൾ പനിച്ച് കിടക്കുകയാണ്. നിങ്ങളുടെ മന്ത്രിവരെ പനിപിടിച്ച് ആശുപത്രിയിലാണ്.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയം കൊണ്ടുവരേണ്ടത് ചെയറാണോ? അതോ മുഖ്യമന്ത്രിയാണോ? അതോ ഞങ്ങളാണോ?

മി. സ്പീക്കർ: അതു നിങ്ങളാണ്, സമ്മതിച്ചു.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾക്ക് ഇപ്പോഴാണ് അടിയന്തിര പ്രമേയം കൊണ്ടുവരാൻ തോന്നിയത്. അതിനിപ്പോൾ എന്തുചെയ്യാനാണ്.

മി. സ്പീക്കർ: ഇപ്പോൾ പനിയാണ് വിഷയം. പനി വന്നാൽ ആളുകളെ ചികിത്സിക്കണം, ഇനി വരാതിരിക്കുവാൻ ശ്രദ്ധിക്കണം. അതാണല്ലോ പ്രശ്നം. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പോലും പനിയായി കിടക്കുകയായിരുന്നു. പനി സാർവത്രികമായി ഈ മഴക്കുശേഷം ജനങ്ങളെ വല്ലാതെ ദ്രോഹിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാനമാകെ പനി പിടിച്ച് വിറക്കുകയാണ്. എന്തെല്ലാം പുതിയ പുതിയ പനികളാണ് ജനങ്ങളെ അക്രമിച്ചുകൊണ്ടിരിക്കുന്നത്. എലിപ്പനിയും, ഡെങ്കിപ്പനിയും, ചിക്കുൻ ഗുനിയയും മാത്രമല്ല

ഇപ്പോൾ ചെളള്പനിയും ബാധിച്ചുതുടങ്ങി എന്നാണ് റിപ്പോർട്ടുകൾ. ഇതിന്റെ വിശദാംശങ്ങൾ വളരെ ഹൃദയസ്പൃക്കായി അടിയന്തരപ്രമേയത്തിൽ സഖാവ് മുല്ലക്കര രത്നാകരൻ വിവരിച്ചു കഴിഞ്ഞു. ജനങ്ങളെ ബാധിക്കുന്ന ഏത് വിഷയത്തിലും ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുക എന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്ത് വിഷയം ഉന്നയിച്ചാലും അതൊക്കെ നിങ്ങളുടെ കാലത്ത് ഉണ്ടായില്ലേ എന്നു ചോദിച്ച് വിതണ്ഡാവാദം ഉയർത്തുകയാണ് ഈ സർക്കാർ ചെയ്യുന്നത്. മഴക്കാലത്ത് പലവിധ രോഗങ്ങൾ പിടിപെടുമെന്ന് നമുക്കൊക്കെ അറിയാവുന്നതല്ലേ? അത് കണക്കിലെടുത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചോ? ആവശ്യത്തിന് ഡോക്ടർമാരില്ല, നഴ്സുമാരില്ല, പാരാമെഡിക്കൽ സ്റ്റാഫുമില്ല. ജീവൻരക്ഷാ മരുന്നുകൾ പോലും ആശുപത്രികളിൽ ലഭ്യമല്ല. കിടക്കാനുളള സൗകര്യത്തിന്റെയോ, ആശുപത്രി ശുചീകരണത്തിന്റെയോ കാര്യം പറയാനുമില്ല. എന്നിട്ടും മന്ത്രി പറയുന്നത് എല്ലാം ഭംഗിയായി.... എല്ലാം വിശിഷ്ടമായ രീതിയിൽ നടത്തി എന്നാണ്. നമ്മുടെ പത്രങ്ങളും, വാർത്താ ചാനലുകളുമൊക്കെ ദിവസങ്ങളായി പനി ബാധിതരുടെ ദുരിതങ്ങൾ വാർത്തകളായും, ചിത്രങ്ങളായും, മുഖപ്രസംഗങ്ങളായും പ്രകടിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതൊന്നും മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ വരുന്നില്ലേ? സർക്കാർ കണക്കിൽ തന്നെ 63 പേർ മരിച്ചു എന്നു പറയുന്നു. യഥാർത്ഥത്തിൽ നൂറ് കണക്കിന് ആളുകളാണ് പനി പിടിച്ച് മരിച്ചിട്ടുളളത്. ഭൂമി തട്ടിപ്പുകാരൻ സലീംരാജിന്റെ ഫോൺ ലിസ്റ്റ് പരസ്യമാകുന്നത് തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ മണിക്കൂറുകൾ കൊണ്ട് അഡ്വക്കേറ്റ് ജനറലിനെ കോടതിയുടെ ഡിവിഷൻ ബഞ്ചിൽ പറഞ്ഞയച്ച ആളുകളല്ലേ നിങ്ങൾ? ആ താൽപര്യം പോലും പനി ദുരന്തം

നേരിടുന്നതിൽ എന്തേ നിങ്ങൾക്ക് കാണിക്കാൻ കഴിയാതെ വന്നിരിക്കുന്നു? ഇക്കാര്യം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ പോലും സൗകര്യമൊരുക്കാത്ത ഈ സർക്കാരിന്റെ ജനവിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ അടിയന്തരമായി സഭയിൽ കൊണ്ടുവന്നിട്ടും അതിൽ ഒരു പ്രശ്നം പോലും ഇന്നുവരെ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുവദിച്ചിട്ടില്ല. ഇങ്ങനെയാണെങ്കിൽ പ്രതിപക്ഷം ഇവിടെ വരുന്നത് എന്തിനാണ്? കേരളമൊട്ടാകെ പനിയാണെന്ന വസ്തുത ഇവിടെ എല്ലാവരും അംഗീകരിച്ചു. കേരളത്തിലെ ജനങ്ങളെ മുഴുവൻ പനി ബാധിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചില കണക്കുകൾ പറയുകയുണ്ടായി. മരണത്തിന്റെയും രോഗികളുടെയും കണക്ക് പറഞ്ഞാൽ നിങ്ങൾക്ക് രക്ഷപ്പെടാൻ പറ്റുമോ? ഇത് യാഥാർത്ഥ്യമല്ലേ. ആരെങ്കിലും എഴുതിത്തരുന്ന ഏതാനും കണക്കുകൾ ഇവിടെ കൊണ്ടുവന്ന് വായിച്ചാൽ മതിയോ; മരണത്തിന്റെ കണക്കുപറഞ്ഞ് താങ്കൾ സഭയെ തെറ്റിദ്ധരിപ്പിക്കുക യാണ്. മരണത്തിന്റെ കണക്ക് ഇതൊന്നുമല്ല. ജൂൺ മാസത്തിൽ മാത്രം 60 മരണം നടന്നിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രിയിൽ റിപ്പോർട്ട് ചെയ്ത മരണത്തിന്റെ കണക്ക് മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്.

സ്വകാര്യ ആശുപത്രികളിലും മരണം നടക്കുന്നുണ്ട്. പനിപിടിച്ചവരുടെ എണ്ണത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്ക് ശരിയല്ല. കാരണം, അത് ഗവൺമെന്റിന്റെ ഔദ്യോഗിക കണക്കാണ്. ഗവൺമെന്റ് അറിയാതെ പതിനായിരക്കണക്കിന് ആളുകൾ സ്വകാര്യ ആശുപത്രിയിൽ അഭയം തേടുന്നുണ്ട്. ഈ പനി വന്നപ്പോൾത്തന്നെ ഗവൺമെന്റ് ഒരുപാട് നടപടി സ്വീകരിച്ചുവെന്ന് പറയുന്നുണ്ട്. എന്ത് നടപടിയാണ് എടുത്തത്? മരുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും പല ആശുപത്രികളിലും ഇപ്പോഴും മരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ പനിക്കെതിരെ ഹർത്താൽ നടത്തിയവരാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അടക്കമുള്ളവർ. അങ്ങനെയൊരു ഹർത്താൽ നടത്തിയ ആളുകൾ ഇങ്ങനെയാണോ മറുപടി പറയുന്നത്. ഇതിനെതിരെ പ്രതിപക്ഷാംഗങ്ങളും ഹർത്താൽ നടത്തണമെന്നാണോ പറയുന്നത്. സഭ തുടങ്ങി പതിമൂന്ന് ദിവസം കഴിഞ്ഞതിനുശേഷമാണ് ഈ വിഷയം സഭയിൽ കൊണ്ടുവന്നതെന്നാണ് ഇവിടെ പറയുന്നത്. പതിമൂന്ന് ദിവസത്തിനുമുമ്പ് നിങ്ങൾ ഹർത്താൽ നടത്തിയതുപോലെ ഞങ്ങളും ഹർത്താൽ നടത്താത്തതുകൊണ്ടാണോ ഇപ്പോൾ സഭ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാത്തത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് പനിബാധിത പ്രദേശങ്ങളിൽ മുഴുവൻ പതിനായിരക്കണക്കിന് ഭക്ഷ്യധാന്യ കിറ്റും സൗജന്യ റേഷനും കൊടുത്തു. ഈ ഗവൺമെന്റ് എന്തുചെയ്തു? പനിബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും കൊടുക്കണം. തൊഴിലാളികൾക്ക് ജോലി ചെയ്യാൻ നിവൃത്തിയില്ല, അവർക്ക് പനിപിടിച്ചാൽ വീട് പട്ടിണിയിലാണ്. നിങ്ങളുടെ മരുന്നും ആശുപത്രിയും മാത്രമല്ല, പനിപിടിക്കുന്ന പാവപ്പെട്ട ആളുകളുടെ കുടുംബത്തെക്കൂടി കാണണ്ടേ?

പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളികൾക്ക് പനിപിടിച്ചാലുള്ള സ്ഥിതിയെന്താണ്? കൂലിപ്പണിക്കാരുടെ വീട്ടിലെ സ്ഥിതിയെന്താണ്? അതു കൊണ്ടാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് അതാത് കേന്ദ്രങ്ങളിൽ അവർക്ക് ഭക്ഷ്യധാന്യ കിറ്റും സൗജന്യ റേഷനും വിതരണം ചെയ്യുന്നതിനോടൊപ്പം മറ്റെല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തത്. എന്നാൽ ഈ ഗവൺമെന്റ് ഇവിടെ പറയുന്നതെന്താണ്? നിങ്ങൾ കുറേ മരുന്നിന്റെയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കണക്കുകൾ പറഞ്ഞു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ, അതെല്ലാം കണക്കുകളാണ്. യാഥാർത്ഥ്യങ്ങൾ വളരെ അകലെയാണ്. അങ്ങിങ്ങായി ചില ആശുപത്രികളിൽ സംവിധാനങ്ങളുണ്ടെന്നുള്ളത് ശരിയാണ്. പക്ഷെ, മഹാഭൂരിപക്ഷം ആശുപത്രികളും പനിപിടിച്ചതോടുകൂടി കുത്തഴിഞ്ഞ മട്ടിലാണ്. പനിക്കാലത്താണ് ആശുപത്രിയിൽ ആയിരക്കണക്കിന് ആളുകൾ വരുന്നത്. ആ സമയത്താണ് ചികിത്സ ആവശ്യമുള്ളത്. അപ്പോഴാണ് മരുന്ന് ആവശ്യമായുള്ളത്. പാവപ്പെട്ട ആളുകളുടെ അഭയകേന്ദ്രങ്ങളാണ് ഈ ആശുപത്രികൾ. അവർക്കുവേണ്ടിയാണ് പതിമൂന്ന് ദിവസം പ്രതിപക്ഷം സഹിച്ചിരുന്നത്. പതിമൂന്ന് ദിവസം ക്ഷമയോടുകൂടി രാഷ്ട്രീയ പക്വതയോടു കൂടി പ്രതിപക്ഷം കാത്തിരുന്നതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആക്ഷേപിക്കുകയാണ് ചെയ്തത്. ഇത്രയുംദിവസം നിങ്ങൾ എവിടെയായിരു ന്നുവെന്നാണ് ചോദിച്ചത്. പതിമൂന്ന് ദിവസംകൊണ്ടും നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇന്ന് ഹർത്താലോ ബന്ദോ നടത്തേണ്ടതാണ്. ഞങ്ങൾ അതിന് തയ്യാറാകുന്നില്ല. ഞങ്ങൾ ഈ ഗുരുതരമായ വിഷയം സഭയിൽ ഉന്നയിക്കുകയാണ്. ഭരണകക്ഷി ബഞ്ചിലിരിക്കുന്ന ഏതെങ്കിലും എം.എൽ.

എ.-മാർക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? പനിയില്ലെന്ന് പറയുന്നുണ്ടോ? ചികിത്സ സഫിഷ്യന്റാണോ; ആശുപത്രികളിൽ മതിയായ സ്റ്റാഫും മറ്റ് സൗകര്യങ്ങളും കൊടുത്തിട്ടുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ പറയുന്നത് വിശ്വാസത്തിലെടുക്കണം. അല്ലെങ്കിൽപിന്നെ ജനാധിപത്യത്തിൽ കാര്യമൊന്നുമില്ല. ഞങ്ങൾ പറയുന്ന കാര്യങ്ങളെല്ലാം തള്ളിക്കളയുകയാണ്. ഒന്നും അംഗീകരിക്കുകയില്ല. ഒരു അടിയന്തരപ്രമേയവും ചർച്ച ചെയ്യുകയില്ല. എന്താ ബഹുമാനപ്പെട്ട മാണി സാറേ അങ്ങനെയൊരു വാശി? അടിയന്തരപ്രമേയം ചർച്ച ചെയ്താൽ എന്താണ് കുഴപ്പം? കേരളത്തിലെ പനിബാധിതരുടെ പ്രശ്നം നിയമസഭയിൽ ഒരുമണിക്കൂർ ചർച്ച ചെയ്താൽ എന്താണ് ദോഷം. ആകാശം ഇടിഞ്ഞു വീഴുമോ? ജനാധിപത്യത്തിന്റെ പുരപ്പുറത്തുകയറി വലിയ വർത്തമാനം പറയുന്നവരല്ലേ? പ്രതിപക്ഷം കൊണ്ടുവന്ന എത്ര അടിയന്തരപ്രമേയം നിങ്ങൾ നിഷേധിച്ചു. വിലക്കയറ്റത്തെക്കുറിച്ച് ചർച്ച ചെയ്യാൻ നിങ്ങൾ അനുവദിക്കുകയില്ല. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഏതെങ്കിലും ഒരു പ്രശ്നം ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട ചെയർ റൂളിംഗ് കൊടുക്കണം. ഇത് സാർവ്വത്രികമായ പനിയല്ലേ. ഇക്കാര്യം ചർച്ച ചെയ്യണ്ടേ? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത അടിയന്തര പ്രമേയമെങ്കിലും വരുന്ന ഗൗരവമനുസരിച്ച് ചർച്ച ചെയ്യാൻ അനുവദിക്കണം. ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, പിണ്ഡം വച്ച് പടിക്കു പുറത്താക്കിയ പല രോഗങ്ങളേയും വിളക്കുകത്തിച്ച് ക്ഷണിച്ചുകൊണ്ടുവരുന്നൊരു അവസ്ഥയിലാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രി ചോദിക്കുന്ന ചോദ്യം പതിമൂന്ന് ദിവസം പ്രതിപക്ഷം എന്തു ചെയ്യുകയായിരുന്നുവെന്നാണ്. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർക്കും, സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണനുമൊക്കെ പനിപിടിച്ചു. വിഴിഞ്ഞത്തൊരു പാവപ്പെട്ട കുട്ടി ഡിഫ്തീരിയ ബാധിച്ച് മരിച്ചപ്പോൾ മാത്രമാണോ പ്രതിപക്ഷം ഇങ്ങനെയൊരു അടിയന്തരപ്രമേയം കൊണ്ടുവരുന്നതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറിന്റെയും സഹകരണവകുപ്പുമന്ത്രിയുടെയും പനി ഗൗരവമായി എടുക്കാതെ വിഴിഞ്ഞത്തെ ഒരു പാവപ്പെട്ട കുട്ടിയുടെ പനിയാണോ നിങ്ങൾക്ക് ഗൗരവമെന്ന് ചോദിച്ചാൽ, 'അതെ' എന്ന ഉത്തരമാണ് പ്രതിപക്ഷാംഗങ്ങൾക്ക് പറയാനുള്ളത്. പതിമൂന്ന് ദിവസം കഴിഞ്ഞു. അഞ്ച് കൊല്ലത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതാണ് ഈ ഗവൺമെന്റ്. 1725 ദിവസമുണ്ട്. 'മിഷൻ 1725' കൊണ്ടുവരാതെ 'മിഷൻ 676' ആയിപ്പോയത് എങ്ങനെയാണ്? 1049 ദിവസം ഈ ഗവൺമെന്റ് നഷ്ടപ്പെടുത്തിയില്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്തരമൊരു ചോദ്യം ചോദിക്കാൻ പാടില്ലായിരുന്നു. ആശുപത്രികളിലെ വേക്കൻസി ഫിൽ ചെയ്യാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയിരിക്കുന്നത്. വേക്കൻസി ഫിൽ ചെയ്താൽ മാത്രം മതിയോ? ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണമനുസരിച്ചുള്ള തസ്തികകൾ ഇന്ന് ആശുപത്രിയിലുണ്ടോ? ഉള്ള തസ്തികകൾ മാത്രം ഫിൽ ചെയ്താൽ പോര. നേരത്തെ

ഇല്ലാത്തത് പരിഹരിക്കാനാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. പാലയിലെയും പാമ്പാടിയിലെയും പ്രശ്നങ്ങൾ മാത്രം പരിഹരിച്ചാൽ പോര. ഇവിടെ അധിക ധനാഭ്യർത്ഥന വച്ചപ്പോൾ ആശുപത്രികളിൽ അധിക തസ്തി കകൾ സൃഷ്ടിച്ച രണ്ട് മണ്ഡലങ്ങൾ പാലയും പാമ്പാടിയിലുമാണ്. ബഹുമാ നപ്പെട്ട അടൂർ പ്രകാശിന് അറിയാവുന്ന കാര്യമാണല്ലോ? കേരളത്തിലെ ആശുപത്രികളിൽ അധിക തസ്തിതകകൾ ആവശ്യമുണ്ട്. ആശുപത്രികളിൽ മതിയായ സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിച്ചെടുക്കാൻ ഗവൺമെന്റിന് കഴി യണം. വാർഡ് ലെവൽ സാനിറ്റേഷൻ കമ്മിറ്റികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 10,000 രൂപ എൻ.ആർ.എച്ച്.എം., 10,000 രൂപ ശുചിത്വമിഷൻ, 5,000 രൂപ തനത് ഫണ്ട് അതായത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെ 25000 രൂപയാണ് കൊടുക്കുന്നത്. എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് മിക്ക വാറും കിട്ടുന്നുണ്ട്. ശുചിത്വമിഷന്റെ ഫണ്ട് കഴിഞ്ഞവർഷവും ഈ വർഷവും പല പഞ്ചായത്തുകളിലും കിട്ടുന്നില്ല. തുക പൂർണ്ണമായി ചെലവഴിക്കാത്തതു കൊണ്ടായിരിക്കും, അക്കാര്യത്തിൽ തർക്കിക്കുന്നില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരാത്തതുകൊണ്ടായിരിക്കും കിട്ടാത്തത്. പക്ഷെ, ഈ വർഷവും വാർഡുകളിൽ 25000 രൂപ ചെലവാക്കപ്പെടുന്നില്ല. ഈ 25000 രൂപ ചെലവാക്കപ്പെടുമെന്ന് പറയുമ്പോഴും വാർഡ് തലത്തിൽ ശുചിത്വ പ്രവർത്ത നങ്ങൾ ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവി ധാനം പോര. അത് പണ്ടുണ്ടായിരുന്നോ, ഇപ്പോഴുണ്ടോ എന്നുള്ളതല്ല പ്രശ്നം. പനിയെ പ്രതിരോധിക്കുവാൻ, പനി പടരുന്നത് തടയാൻ വേണ്ടി ഗവൺമെന്റ് ആഗ്രഹിക്കുന്ന തരത്തിൽ വാർഡ്തല സാനിറ്റേഷൻ കമ്മിറ്റികൾ ഇന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇക്കാര്യങ്ങളിലൊക്കെ ഒരു ചർച്ച ആവശ്യമുണ്ടായിരുന്നു. ആ ചർച്ചകളിലൂടെ വരുന്ന നിർദ്ദേശങ്ങൾ പാലിക്ക

പ്പെടണമായിരുന്നു. ഇതിന് അവസരമൊരുക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ സംസ്ഥാനത്ത് മഴക്കാലത്തുണ്ടാകുന്ന വിവിധതരം പനികൾ നിയന്ത്രിക്കുന്നതിന് മുമ്പൊരിക്കലുമില്ലാത്തവിധത്തിലുള്ള നടപടികൾ സ്വീകരിച്ചുവെന്നാണ് ഗവൺമെന്റ് അവകാശപ്പെടുന്നത്. ഈ അവകാശവാദത്തിൽ തൃപ്തിയടഞ്ഞ് ഇവിടത്തെ പ്രതിപക്ഷം മൗനം പാലിക്കേണ്ടതായിരുന്നു എന്നാണ് ഗവൺമെന്റിന്റെ നിലപാട് കേട്ടാൽ തോന്നുന്നത്. അങ്ങനെയാണെങ്കിൽ ഗവൺമെന്റിന്റെ ഈ അവകാശവാദം യാഥാർത്ഥ്യമായിത്തീരുന്നുണ്ടോ? ശ്രീ. മാത്യൂ ടി. തോമസ് പറഞ്ഞ കാര്യംതന്നെയാണ് ഞാൻ സൂചിപ്പിക്കുന്നത്. ചെലവഴിച്ചില്ലെന്ന കാരണംകൊണ്ട് ഇത്തവണ പണം നിഷേധിച്ചാൽ അത്തരത്തിലുള്ള അറുന്നൂറോ അല്ലെങ്കിൽ ആയിരമോ വാർഡുകളിൽ ഏത് പണമെടുത്താണ് ഇത്തവണ ശുചിത്വപ്രവർത്തനങ്ങൾ നടത്തുക? സാങ്കേതികത്വം പറഞ്ഞ് പണം അനുവദിക്കുന്നത് നിഷേധിച്ചാൽ എങ്ങനെയാണ് അവർക്ക് ശുചീകരണപ്രവർത്തനങ്ങൾ നടത്താൻ കഴിയുക? കുറെ സ്ഥലത്തെങ്കിലും ശുചീകരണപ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നാണ് സ്വാഭാവികമായും ഗവൺമെന്റുതന്നെ പരോക്ഷമായി സമ്മതിക്കുന്നത്. മുഖ്യമന്ത്രി പറയാൻപാടില്ലാത്ത കാര്യമാണ് പറഞ്ഞത്, പ്രതിപക്ഷത്തെ അവഹേളിക്കുന്നതിന് തുല്യമായി എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അദ്ദേഹം പറഞ്ഞത്, 'നിങ്ങൾ ഇവിടെ നേരത്തെ ഉന്നയിക്കേണ്ട

പ്രശ്നമായിരുന്നു' എന്ന സദുദ്ദേശംകൊണ്ടായിരുന്നെങ്കിൽ ഉന്നയിക്കാൻമാത്രം ഗൗരവമുള്ള ഒരു വിഷയമാണല്ലോ ഇത്? അങ്ങനെ ഗൗരവമുള്ളതാണെങ്കിൽ സഭ നിറുത്തിവച്ച് നമുക്ക് ഇത് ചർച്ച ചെയ്തുകൂടായിരുന്നോ? അല്ല, അദ്ദേഹം അവഹേളിക്കാനാണ് ഉദ്ദേശിച്ചതെങ്കിൽ അത് അങ്ങേയറ്റം ശരിയായ നടപടിയായില്ല. ജനാധിപത്യത്തെ അവഹേളിക്കുന്ന ഒരു നിലപാട് മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായത് ദൗർഭാഗ്യകരമാണ്. ഇത്തരം നിലപാടുകൾ ഒരു ഗവൺമെന്റിന് ഭൂഷണമല്ല, പ്രതിപക്ഷത്തിന് അത് അംഗീകരിക്കാൻ സാദ്ധ്യമല്ല. ആ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രൻ സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനു ശേഷം സഭയിൽ ഹാജരായി.)